# ദിവ്യസംഗീതോത്സവം-2020

## SACRED MUSIC FESTIVAL

*(Jointly organised by Samajam and DSMC)*

ദിവ്യശ്രീ. സി.വി. ഏബ്രഹാം കശ്ശീശായുടെ സ്മരണാർത്ഥം അദ്ദേഹത്തിന്റെ മകൻ ശ്രീ. ജോർജ് സി. ഏബ്രഹാം (യു.എസ്.എ.) ഏർപ്പെടുത്തിയ എൻഡോവ്മെന്റിന്റെ അടിസ്ഥാനത്തിലുള്ള ദിവ്യസംഗീതോത്സവം സൺഡേ സ്കൂൾ സമാജത്തിന്റെയും ഡി.എസ്.എം.സി.യുടെയും സംയുക്താഭിമുഖ്യത്തിൽ നടത്തുന്നതാണ്.

**നിബന്ധനകൾ**

രണ്ടു വിഭാഗങ്ങളായാണ് സംഗീതോത്സവം നടക്കുന്നത്.

1. **ജൂനിയേഴ്സ്** (കുമാരവകുപ്പിലെയും മദ്ധ്യവകുപ്പിലെയും കുട്ടികൾ).
2. **സീനിയേഴ്സ്** (ജ്യേഷ്ഠവകുപ്പിലെയും യുവവകുപ്പിലെയും കുട്ടികൾ)
3. ദിവ്യസംഗീതോത്സവത്തിനുള്ള ഗാനങ്ങൾ 2019 ഒക്ടോബർ-ഡിസംബർ ലക്കം സന്ദർശിനിയിൽ (പേജ് നമ്പർ 20-21 ൽ) ചേർത്തിട്ടുണ്ട്.
4. ഓരോ വിഭാഗത്തിലും കുറഞ്ഞത് 5 അംഗങ്ങൾ എങ്കിലും ഉണ്ടായിരിക്കണം. പരമാവധി 7 അംഗങ്ങൾക്ക് പങ്കെടുക്കാം. ഇത് ആൺകുട്ടികളും പെൺകുട്ടികളും തനിച്ചോ, ഒരുമിച്ചോ സംഘമായി പാടാവുന്നതാണ്.
5. ഗാനാലാപനത്തിന് സംഗീതോപകരണങ്ങൾ പാടില്ല. എന്നാൽ ശ്രുതി നൽകുന്നതിന് ആവശ്യമെങ്കിൽ പിച്ച് പൈപ്പ്, മറ്റ് സംഗീത ഉപകരണങ്ങൾ എന്നിവ ഉപയോഗിക്കാവുന്നതാണ്.
6. ഓരോ സൺഡേസ്കൂളിനും സെന്റർതലത്തിൽ രണ്ടു വിഭാഗത്തിലുമായി ഓരോ ടീമിനെ വീതം അയയ്ക്കാവുന്നതാണ്.
7. പങ്കെടുക്കുന്ന ടീമംഗങ്ങളുടെ പേരും ജനനത്തീയതിയും രേഖപ്പെടുത്തി വികാരി അച്ചൻ സാക്ഷ്യപ്പെടുത്തിയ കത്ത് ഓരോ തലത്തിലും പങ്കെടുക്കുമ്പോൾ രജിസ്ട്രേഷൻ സമയത്ത് നൽകേണ്ടതാണ്. സെന്റർ തലത്തിൽ പങ്കെടുത്തു വിജയിച്ച ടീമിനു മാത്രമേ ഭദ്രാസന - കേന്ദ്രതലങ്ങളിൽ പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ.
8. സെന്റർ - ഭദ്രാസനതലങ്ങളിലുള്ള ദിവ്യസംഗീതോത്സവം അതാതു തലങ്ങളിലെ താലന്തു പരിശോധനയോടൊപ്പം നടത്തേണ്ടതാണ്.

ഓരോ വിഭാഗത്തിലും ജഡ്ജസ് തീരുമാനിക്കുന്ന രണ്ടു ഗീതങ്ങൾ പാടേണ്ടതാണ്. ഗീതങ്ങൾ അടങ്ങുന്ന സി.ഡി. സമാജം ആഫീസിലും DSMC ആഫീസിലും നവംബർ 1 മുതൽ ലഭ്യമാണ്. ഇതു സംബന്ധിച്ച വിവരങ്ങൾക്ക് DSMC ആഫീസുമായി ബന്ധപ്പെടുക.

ഫോൺ: 0469-2601081



**ദിവ്യസംഗീതോത്സവം**

**2020 ജൂൺ 6 ശനിയാഴ്ച,**

**തിരുവല്ല DSMC ഹാളിൽ**